ERNAKULAM

# കരാർ നിയമനം

കൊച്ചി: തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയുടെ പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് നഴ്സ് (രണ്ട്), ഡ്രൈവർ തസ്തികയിലേക്ക് ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സെപ്തംബർ 27-ന് രാവിലെ 11-ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആശുപത്രിയിൽ ഇന്റർവ്യൂ നടത്തുന്നു.

നഴ്സ് യോഗ്യത- ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും ഓക്സിലറി നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് പാസായിരിക്കണം. കൂടാതെ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് മൂന്ന് മാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് ആക്സിലറി നഴ്സിംഗ് കോഴ്സ് അല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് മൂന്ന് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സിംഗ് കോഴ്സ് പാസായിരിക്കണം.

ഡ്രൈവർ യോഗ്യത - ഏഴാം ക്ലാസ് പാസായിരിക്കണം, ഹെവി മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചതിനു ശേഷം ഹെവി ഡ്യൂട്ടി വെഹിക്കിളില മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിലോ അല്ലാതെയോ ജോലി ചെയ്ത് പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484-2783495.